## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1093      06/6/2018-ലെ മറുപടി

# വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. വീണാജോർജ്ജ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ എന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) ജലവിതരണവും സ്വീവറേജ് സംവിധാനവും ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ അതോറിറ്റി നേരിടുന്ന പ്രശ്നങ്ങൾക്ക് ഇവിടുത്തെ സാഹചര്യത്തിന് അനുയോജ്യമായ പരിഹാരങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും യുവജനങ്ങളുടെ സർഗ്ഗാത്മകമായ നൂതന ആശയങ്ങൾ ജലഅതോറിറ്റിയുടെ മേൽ നോട്ടത്തിൽ ഉപയോഗപ്പെടുത്തുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെയാണ് കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ (KWIZ) എന്ന പേരിലുള്ള സംരംഭം ആരംഭിച്ചിട്ടുള്ളത്. ഈ സംരംഭത്തിന്റെ ഭാഗമായി പ്രശ്ന സങ്കീർണ്ണതയുള്ള മേഖലയിലെ നേരത്തെ തന്നെ തിരിച്ചറിഞ്ഞിരിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കി പരിഹാരം നിർദ്ദേശിക്കുവാൻ താൽപര്യമുള്ള വ്യക്തികൾ/സംരംഭകർ/സ്ഥാപനങ്ങൾ എന്നിവർക്ക് ഒരു വെബ്പോർട്ടൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. വെബ് പോർട്ടലിലൂടെ ലഭിക്കുന്ന അപേക്ഷകൾ ഒരു പ്രോജക്റ്റ് സെലക്ഷൻ കമ്മിറ്റി അവലോകനം ചെയ്യുകയും നൂതന ആശയവും ടീം സാധ്യതകളും അടിസ്ഥാനമാക്കി ഒരു സ്ക്രീനിംഗ് പ്രക്രിയ നടത്തുകയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വികസന സാധ്യതയുള്ള അശയങ്ങൾ തെരഞ്ഞെടുക്കും. തിരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങൾ പ്രോജക്റ്റ് അപ്രൂവൽ കമ്മിറ്റി വിശദമായി അവലോകനം ചെയ്യുകയും ജല |

| | | | |
|---|---|---|---|
| | | | അതോറിറ്റിക്ക് തികച്ചും ഗുണകരമായവ ഉന്നതതല തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്യുന്നതാണ്. കേരളത്തിലെ സംരംഭകത്വ വികസനത്തിനും ഇൻകുബേഷൻ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്ന കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ചാണ് ഇത്തരം നവീന ആശയങ്ങളെ ജല അതോറിറ്റിക്ക് പ്രയോജനപ്പെടുന്ന തരത്തിലുള്ള ഉൽപ്പന്നങ്ങളാക്കി വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രസ്തുത സംരംഭം ആരംഭിച്ചിട്ടുള്ളത്. |
| (ബി) | എത്ര പ്രോജക്റ്റുകൾ പദ്ധതിയുടെ പരിഗണനയ്ക്ക് വന്നു എന്നും അതിൽ എത്ര എണ്ണം അംഗീകരിച്ചു എന്നും എത്ര എണ്ണം പൂർത്തിയായി എന്നും വ്യക്തമാക്കാമോ; | (ബി) | 2017-ൽ രണ്ട് പ്രോജക്ടുകൾ പദ്ധതിയുടെ പരിഗണനയ്ക്ക് വരികയും അതിൽ ഒരു പ്രോജക്ട് അംഗീകരിക്കുകയും ചെയ്തു. 2018-ൽ ഒരു പ്രോജക്ട് പദ്ധതിയുടെ പരിഗണനയ്ക്ക് വരികയും പ്രാഥമിക അവതരണം നടത്തുകയുമുണ്ടായി. |
| (സി) | അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | മാൻഹോളുകൾ വൃത്തിയാക്കുന്നതിനായി 'ബാൻഡിക്കൂട്ട്' എന്ന പേരിൽ ഒരു റോബോട്ട് സംവിധാനം ജെൻറോബോട്ടിക്സ് എന്ന സ്റ്റാർട്ടപ്പ് സ്ഥാപനം കേരള ജല അതോറിറ്റിയുടെ സഹകരണത്തോടെ വികസിപ്പിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയും കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് യുവ പ്രതിഭകളെ പ്രോത്സാഹിപ്പിച്ച്, കേരള വാട്ടർ അതോറിറ്റിയ്ക്ക് ഗുണകരമായ നവീന ആശയങ്ങളോ ഉല്പന്നങ്ങളോ വികസിപ്പിച്ചെടുക്കുന്നതിനായി രൂപീകരിച്ച കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ (KWIZ) ന്റെ ആഭിമുഖ്യത്തിൽ ആണ് ഇത് സാധ്യമാക്കിയത്. പ്രാരംഭ മാതൃക നിർമ്മിക്കുകയും അതിന്റെ മെച്ചപ്പെടുത്തലുകളുടെ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ

JSK/